സർക്കുലർ മുഖാന്തിരം എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പിന്നീട് 25.01.99 -ലെ മറ്റൊരു സർക്കുലർ പ്രകാരം, ഹോമിയോ ഡയറക്ടർ 23.11.96 ലെ സർക്കുലർ റദ്ദാക്കുകയും കൂടിക്കാഴ്ച നടത്തി നിയമനം നടത്തിയശേഷം, ലിസ്റ്റ് വകുപ്പു തലവന് സമർപ്പിച്ചാൽ മതിയെന്ന് ജില്ലാ മെഡിക്കലാഫീസർമാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) 25-01-99-ൽ ഹോമിയോ ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ച് ജില്ലാ മെഡിക്കലാഫീസർമാർക്ക് കൂടിക്കാഴ്ച നടത്തിയാൽ ഉടൻ തന്നെ പി.റ്റി.എസ്. നിയമനം നടത്താവുന്നതാണ്.

(എഫ്)&(ജി) പാലക്കാട് ജില്ലാ മെഡിക്കലാഫീസർ 04-07-97-ൽ നടത്തിയ പി.റ്റി.എസ്. കൂടിക്കാഴ്ചയുടെ ലിസ്റ്റ് ഹോമിയോ ഡയറക്ടർ പരിശോധിക്കുകയും, 14.08.96 ലെ ജി.ഒ(എം.എസ്) 302/96 ആ.കു.വ. എന്ന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചവർക്ക് നിയമനം നൽകാൻ ജില്ലാമെഡിക്കലാഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ചല്ല കൂടിക്കാഴ്ച നടത്തിയതെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ചെയ്തത്.

(എച്ച്) 04.07.97-ൽ പി.ടി.എസ്. ഇന്റർവ്യൂവിന് ഹാജരായ ശ്രീമതി കല്യാണിക്കുട്ടിയുടെ ഒരു പരാതി സർക്കാരിനു ലഭിയ്ക്കുകയും ഇത് സംബന്ധിച്ചു സർക്കാർ ഹോമിയോ ഡയറക്ടറുടെ റിപ്പോർട്ടും പാലക്കാട് ജില്ലാ മെഡിക്കലാഫീസറുടെ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലും സർക്കാരിലേക്ക് വരുത്തുകയും ഫയൽ പരിശോധിയ്ക്കുകയും അതിനെത്തുടർന്ന് പട്ടിത്തറ ഹോമിയോ ഡിസ്പെൻസറിയിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥി നിയമന ഉത്തരവ് നൽകിയിട്ടും ജോലിക്ക് ഹാജരാകാതിരുന്ന സാഹചര്യത്തിൽ രണ്ടാമത് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചയാളെ നിയമിക്കാൻ 12.05.99-ലെ സർക്കാർ കത്തിലൂടെ ഹോമിയോ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്, മേൽ വിവരിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

II. പ്രത്യേക പരാമർശം

കാർഗിലിലെ സൈനികർക്ക് കേരള നിയമസഭയുടെ ഐക്യദാർഢ്യം

[9.30 A.M] മി. സ്പീക്കർ : കാശ്മീരിലെ കാർഗിലിലും പരിസര പ്രദേശങ്ങളിലും പാകിസ്ഥാൻ നടത്തിയ വ്യാപകവും ആസൂത്രിതവുമായ നുഴഞ്ഞുകയറ്റം ഒരു യുദ്ധത്തിന്റെ പ്രതീതി സൃഷ്ടിച്ചിരിക്കുന്ന സന്ദർഭത്തിലാണ് നിയമസഭയുടെ ഈ സമ്മേളനം ചേരുന്നത്. ഇൻഡ്യയുടെ അതിർത്തി പ്രദേശങ്ങളിൽ അതിക്രമിച്ചു കയറി താവളമുറപ്പിച്ച നുഴഞ്ഞുകയറ്റക്കാരെ തുരത്തുന്നതിന് ഇൻഡ്യൻ സൈന്യം രൂക്ഷവും വിജയകരവുമായ പ്രത്യാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ അന്തസ്സും പരമാധികാരവും മറ്റെന്തിനേക്കാളും മഹത്തരമാണ്. മാതൃഭൂമിയുടെ അഭിമാനം എന്തുവില നൽകിയും സംരക്ഷിക്കാൻ ഒരേ മനസ്സോടെ പ്രവർത്തിക്കേണ്ട സന്ദർഭമാണിത്. ഇരുരാജ്യങ്ങളും ഉഭയസമ്മതപ്രകാരം ഒപ്പുവച്ച സിംല കരാർ പാകിസ്ഥാൻ നഗ്നമായി ലംഘിച്ചിരിക്കുന്നു. നുഴഞ്ഞു കയറ്റക്കാർക്ക് പാകിസ്ഥാൻ അധികൃതർ നൽകുന്ന പിന്തുണ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അതിർത്തിയിൽ മനഃപൂർവ്വം സംഘർഷങ്ങളുണ്ടാക്കി കാശ്മീർ പ്രശ്നം അന്താരാഷ്ട്രവൽക്കരിക്കുകയാണ് ലക്ഷ്യം. പക്ഷെ ലോകത്തിലെ പ്രമുഖ രാഷ്ട്രങ്ങൾ പാകിസ്ഥാൻ നടപടിയോട് പരസ്യമായ വിയോജിപ്പ് ഇതിനകം

LIBRARY ARCHIVES Kerala Legislative Assembly

പ്രകടിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ഏതാനും മാസങ്ങൾക്കു മുമ്പാണ് കാശ്മീരിലെ കാർഗിൽ-ദ്രാസ്-ബത്താലിക് പ്രദേശങ്ങളിൽ വലിയൊരു സംഘം നുഴഞ്ഞുകയറ്റക്കാർ താവളമുറപ്പിച്ചുതുടങ്ങിയത്. നുഴഞ്ഞുകയറ്റക്കാരെ തുരത്തുന്നതിൽ ഇൻഡ്യൻ സൈന്യം ആവേശോജ്ജ്വലമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്നു. നുഴഞ്ഞുകയറ്റ പ്രദേശങ്ങൾ ഒന്നൊന്നായി വിമോചിപ്പിച്ചെടുക്കുന്നതിൽ ധീരരായ ഇന്ത്യൻ സൈനികർ വിജയം കൈവരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ മാതൃഭൂമിയുടെ അതിർത്തി സംരക്ഷിക്കുന്നതിന് ജീവൻ ബലിയർപ്പിച്ച് ധീരപോരാട്ടം നടത്തുന്ന ഇൻഡ്യൻ സൈനികരെച്ചൊല്ലി ഈ സഭ അഭിമാനം കൊള്ളുകയും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു. തടവുകാരായി പിടിക്കപ്പെട്ട ഇന്ത്യൻ സൈനികരോട് പാകിസ്ഥാൻ പട്ടാളം അനുവർത്തിച്ച കൊടുംക്രൂരത, മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്നതും എല്ലാ അന്താരാഷ്ട്ര മര്യാദകളേയും ലംഘിക്കുന്നതുമാണ്. സൈനിക തടവുകാരെ വെടിവച്ചുകൊല്ലുന്നതിനു മുൻപ് അവരുടെ ശരീരത്തിൽ ഏൽപ്പിച്ച പീഡനങ്ങൾ നീചവും നിന്ദ്യവും അപരിഷ്കൃതവുമായിരുന്നു. ആ നടപടിയെ ഈ സഭ ശക്തമായ ഭാഷയിൽ അപലപിക്കുന്നു. ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ച സൈനികരുടെ ധീരസ്മരണയ്ക്കു മുമ്പിൽ കേരള നിയമ സഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇൻഡ്യൻ സൈന്യത്തിന് കേരളം സംഭാവന ചെയ്ത വീരപുത്രന്മാരാണ് ലെഫ്റ്റനന്റ് കേണൽ ആർ. വിശ്വനാഥനും ക്യാപ്റ്റൻ പി.വി. വിക്രമും. അവരുടെ വീരസ്മരണ കേരള മനസ്സിൽ എക്കാലവും കത്തിനിൽക്കും. വീരമൃത്യു വരിച്ച ലെഫ്റ്റനന്റ് കേണൽ ആർ. വിശ്വനാഥന്റെയും ക്യാപ്റ്റൻ പി.വി. വിക്രമിന്റെയും മറ്റു സൈനികരുടേയും ധന്യസ്മരണയ്ക്കു മുൻപിൽ സഭ ആദരാഞ്ജലികളർപ്പിക്കുന്നു. യുദ്ധത്തിൽ മുറിവേറ്റ സൈനികരെ ആദരപൂർവ്വം സ്മരിക്കുന്നു. അതിർത്തിയിലെ സംഘർഷം ഒരു യുദ്ധമായി വളരാതിരിക്കാനുള്ള വിവേകം പ്രകടിപ്പിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം. സാമ്രാജ്യത്വ ഇടപെടലുകൾ പ്രശ്നം സങ്കീർണ്ണമാക്കുമെന്ന യാഥാർത്ഥ്യം നാം ഓർമ്മിക്കേണ്ടതുണ്ട്. അതാണ് കൊസൊവൊയുടേതുൾപ്പെടെയുള്ള ചരിത്രം നൽകുന്ന പാഠം. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും സംരക്ഷിക്കാനുള്ള എല്ലാ ശ്രമങ്ങളോടും കേരള നിയമസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഇരു രാജ്യങ്ങളിലേയും ജനങ്ങൾ തമ്മിൽ സൗഹൃദവും സഹകരണവും വളർത്താനുള്ള എല്ലാ ശ്രമങ്ങളോടും കൂറു പ്രഖ്യാപിക്കുന്നു. ഏറ്റുമുട്ടലിൽ വീരചരമമടഞ്ഞ സൈനികരുടെ ധന്യസ്മരണയ്ക്കുമുമ്പിൽ ഈ സഭ ഒരിക്കൽ കൂടി ആദരാഞ്ജലികളർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, അതിർത്തി പ്രദേശമായ കാർഗിലിലും മറ്റും പലആഴ്ചകളായി നമ്മുടെ ധീരജവാന്മാർ പൊരുതി നില്ക്കുകയാണ്. അതിർത്തി കടന്ന് പാകിസ്ഥാൻ പിൻതുണയോടെ നുഴഞ്ഞുകടന്നെത്തിയ തീവ്രവാദികളേയും പട്ടാളക്കാരേയും തുരത്താൻ ധീരോദാത്തമായ പോരാട്ടമാണ് നമ്മുടെ സമർപ്പിത മനസ്ക്കരായ ജവാന്മാർ നടത്തുന്നത്. മാതൃഭൂമിയുടെ ആത്മാഭിമാനവും ഭൂമിശാസ്ത്രപരമായ അവിച്ഛിന്നതയും സംരക്ഷിക്കാനുള്ള ത്യാഗനിർഭരമായ പോരാട്ടത്തിലേർപ്പെട്ടിട്ടുള്ള ധീരജവാന്മാരോട് നാം നമ്മുടെ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ദേശാഭിമാനികളായ ഓരോ ഇൻഡ്യാക്കാരന്റേയും മനസ്സ് ത്യാഗനിർഭരമാംവിധം പോരാടുന്ന ഈ സേനാനികൾക്കൊപ്പമുണ്ടെന്ന് നാം ഓർമ്മിക്കുന്നു. നമ്മുടെ ധീരസേനാനികളിൽ ചിലർക്ക് ഈ പോരാട്ടത്തിൽ ജീവൻ ബലിയർപ്പിക്കേണ്ടി വരുന്നുണ്ട്. അനശ്വരമായ ആ രക്തസാക്ഷികളുടെ നിരയിലെ

LIBRARY ARCHIVES Kerala Legislative Assembly

ജ്വലിക്കുന്ന വ്യക്തിത്വങ്ങളാണ് കേരളക്കരയിൽ നിന്ന് ചെന്ന് അതിർത്തിയിൽ പൊരുതി വീണു മരിച്ച വിശ്വനാഥനും വിക്രമും, ഇൻഡ്യയുടെ വീരസന്തതികളാണിവർ. ഈ രാജ്യം ധീരരായ ഈ മക്കളെയോർത്ത് അഭിമാനിക്കുകയാണ്. എറണാകുളത്തെ ഏരൂർ വെസ്റ്റ് അഞ്ജലിയിലെ ശ്രീ. രാമകൃഷ്ണ അയ്യരുടെ മകൻ ആർ. വിശ്വനാഥൻ ലഫ്റ്റനന്റ് കേണലായിരുന്നു. കോഴിക്കോട് കല്ലായി മനാരി ഹൗസിലെ ശ്രീ.പി.കെ.പി. വിശ്വനാഥപ്പണിക്കരുടെ മകൻ പി.വി. വിക്രം ക്യാപ്റ്റനായിരുന്നു. ഇരുവരും ഈ നാടിനുവേണ്ടി യുദ്ധത്തിൽ സ്വന്തം ജീവൻ ബലിയർപ്പിച്ചു. നമ്മുടെ നാടിനും ജനതയ്ക്കും വേണ്ടി ഇതേക്കാൾ വിലപ്പെട്ട ഒരു ത്യാഗവും ഒരു ദേശാഭിമാനിക്കും ചെയ്യാനില്ല. ഇന്ത്യയുടെ അഖണ്ഡതയ്ക്കും സുരക്ഷിതത്വത്തിനും വേണ്ടി ആത്മസമർപ്പണം നടത്തിയ ഈ യുവസൈനികരുടെ സ്മരണ ഓരോ ഇന്ത്യാക്കാരന്റേയും മനസ്സിൽ, വരും തലമുറകളുടെ മനസ്സിൽ ഒരിക്കലും അണയാത്ത വെളിച്ചമായി നില നിൽക്കും. ധീരോദാത്തമായ ആ ജീവിതങ്ങളുടെയും സ്വന്തം ജീവൻ കൊടുത്ത് സഹപ്രവർത്തകരേയും നാടിനേയും രക്ഷിക്കാനുറച്ച ആ മനസ്സുകളുടേയും രാജ്യത്തോടുള്ള കൂറിന്റെ മുൻപിൽ ഞാൻ ശിരസ്സ് നമിക്കുന്നു. ആസാമിലെ റിമാപ്പൂരിൽ സൈനികവാഹനം മറിഞ്ഞാണ് നെയ്യാറ്റിൻകര ഉച്ചക്കട പട്ടറവിള വലിയവീട്ടിൽ സുനിൽകുമാർ എന്ന സൈനികൻ മരിച്ചത്. ആ സ്മരണയ്ക്കുമുമ്പിലും ഞാൻ ആദരാഞ്ജലികളർപ്പിക്കുന്നു. യുദ്ധത്തിന്റെ ഈ ഘട്ടത്തിൽ പാകിസ്ഥാന്റെ ഗൂഢതന്ത്രങ്ങൾക്കെതിരെ ഇന്ത്യൻ ജനതയാകെ ഒരുമനസ്സായി പ്രതികരിക്കുകയാണ്. നുഴഞ്ഞുകയറ്റക്കാരെ തുരത്തിയോടിക്കുന്നതിന് കഴിവുറ്റ നമ്മുടെ സൈനികനിരയ്ക്ക് കഴിയുമെന്ന കാര്യത്തിൽ നമുക്ക് ഉറപ്പുണ്ട്. ഉയർന്ന അച്ചടക്കബോധവും ജ്വലിക്കുന്ന ധീരതയും മാതൃകാപരമായ ആത്മാർപ്പണ സന്നദ്ധതയുമുള്ള നമ്മുടെ സൈന്യം നമ്മുടെ ഭൂമിയുടെ ഒരിഞ്ചുപോലും അന്യാധീനപ്പെടാൻ അനുവദിക്കില്ല എന്ന കാര്യത്തിൽ നമുക്ക് പരിപൂർണ്ണ വിശ്വാസമുണ്ട്. അവരുടെ കരുത്തും കഴിവും ഇക്കാര്യം ദിവസേന തെളിയിച്ചുകൊണ്ടിരിക്കുകയുമാണ്. പാകിസ്ഥാന്റെ ഭാഗത്തു നിന്നുണ്ടാകുന്ന പ്രകോപനപരമായ നടപടികൾക്ക് തക്കതായ മറുപടി നൽകാനായി ജനതയാകെ മനസ്സുകൊണ്ട് ഒരുമിക്കുമ്പോഴും ചില ചിന്തകൾ നമ്മുടെ ചിന്തകളെ ഉത്കണ്ഠപ്പെടുത്തുന്നുണ്ട്. കഴിഞ്ഞ അര നൂറ്റാണ്ടു കാലത്തിനിടയിലാദ്യമായാണ് പശ്ചിമാതിർത്തിയിൽ ചെറുതെങ്കിലും ഇൻഡ്യയുടെ ഒരു ഭാഗം ഫലത്തിൽ അന്യാധീനപ്പെട്ടത്. ഇത്തരമൊരു ഗുരുതരാവസ്ഥയിലേക്ക് കാര്യങ്ങൾ വഷളായതെങ്ങനെ എന്ന് ഈ ഘട്ടത്തിൽ ഭരണം കയ്യാളിയിരുന്ന രാഷ്ട്രീയ നേതൃത്വം വിശദീകരിച്ചിട്ടില്ല. ഈ ഘട്ടത്തിൽ കേന്ദ്രത്തിൽ രാഷ്ട്രീയാധികാരം പങ്കിട്ടവർ ഇന്ത്യൻ ജനതയോട് ഈ ചോദ്യത്തിന് മറുപടി പറയേണ്ടിയിരിക്കുന്നു. പല ആഴ്ചകൾ നിർബാധം നുഴഞ്ഞുകയറ്റം നടന്നിട്ടും പ്രതിരോധ മന്ത്രാലയം അറിയാതിരുന്നതെങ്ങനെ? അറിഞ്ഞുവെങ്കിൽ നിശബ്ദത പാലിച്ചതെങ്ങനെ? രഹസ്യാന്വേഷണ ഏജൻസികൾക്ക് എങ്ങനെ വീഴ്ച സംഭവിച്ചു? ഇത്തരം ഉൽകണ്ഠപ്പെടുത്തുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമറിയാൻ ഇന്ത്യൻ ജനതയ്ക്ക് അവകാശമുണ്ട്. അതിർത്തികടന്നുള്ള നുഴഞ്ഞുകയറ്റമുണ്ടാവുമെന്ന് ജനുവരിയിൽത്തന്നെ അതിർത്തി രക്ഷാസേന (ബി.എസ്.എഫ്.) മുന്നറിയിപ്പ് നൽകിയിരുന്നുവെന്ന് റിപ്പോർട്ടുണ്ടായിരുന്നു. സേനയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. മുന്നറിയിപ്പു ലഭിച്ചിട്ടും പ്രതിസന്ധി പരിഹരിക്കാൻ ബി.ജെ.പി. നേതൃത്വത്തിലുള്ള ഭരണാധികാരവൃന്ദം ഒന്നും ചെയ്തില്ല എന്നതല്ലേ സത്യം. രാഷ്ട്രീയ ഉപജാപങ്ങളിലും അധികാരം നിലനിർത്താനുള്ള താൽക്കാലിക

LIBRARY ARCHIVES Kerala Legislative Assembly

കരുനീക്കങ്ങളിലും വ്യാപരിച്ച അവർക്ക് രാഷ്ട്രസുരക്ഷിതത്വത്തിനുള്ള പ്രാധാന്യം രണ്ടാംതരമായി തോന്നിക്കാണണം. ഈ തെറ്റിന് ജനതയോട് ഇവർ മാപ്പുപറയേണ്ടതായിട്ടുവരും ഒരു ഘട്ടത്തിൽ. അപകടമായ രാഷ്ട്രീയ എടുത്തുചാട്ടങ്ങളും തെറ്റായ രാഷ്ട്രീയ കണക്കുകൂട്ടലുകളുമാണ് ഇന്ത്യാ ഗവണ്മെന്റ് നടത്തിപ്പോന്നത്. ചൈനയാണ് ഇന്ത്യയുടെ ഒന്നാം നമ്പർ ശത്രു എന്ന് പ്രതിരോധമന്ത്രി പ്രസ്താവിച്ചതുതന്നെ ഈ രാഷ്ട്രീയ അപകടത്തിനു നിദർശനമാണ്. അതിർത്തിയിൽ സംഘർഷം രൂക്ഷമായ ഘട്ടത്തിൽ വിദേശ കാര്യമന്ത്രി ജസ്വന്ത് സിങ്ങിന് ആദ്യമായി സന്ദർശിക്കണമെന്നു തോന്നിയത് ചൈനയാണ് എന്നതു ശ്രദ്ധേയമാണ്. ചൈന നമ്മുടെ താൽപ്പര്യങ്ങൾ ക്കൊത്തു നില്ക്കുന്ന നിലപാടു കൈക്കൊണ്ടു എന്നതു സ്വാഗതാർഹവു മാണ്. പാകിസ്ഥാന്റെ ഭാഗത്തുനിന്നുമുള്ള ഏതു നുഴഞ്ഞുകയറ്റവും സിംലാക രാറിന്റെ ലംഘനമാണ്. ആ കരാർ ലംഘിക്കപ്പെട്ട സാഹചര്യത്തിൽ സ്ഥിതി കൂടുതൽ ഗുരുതരമാകുമോ എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. എന്തായാലും ഈ സംഘർഷത്തിൽ ആത്മാർപ്പണത്തോടെ പൊരുതിയ സൈനികരെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. നമ്മുടെ രാജ്യത്തിനുവേണ്ടി നടത്തുന്ന പോരാട്ടത്തിൽ ചിലർ മരിച്ചു വീഴുന്നുണ്ട്. ചിലർ ഗുരുതരമാം വിധം പരിക്കേറ്റ് ആശുപത്രിയിലാവുന്നുമുണ്ട്. ഇവരോടും ഇവരുടെ കുടുംബത്തോടും നമുക്ക് ഒരു ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം നിർവഹിക്കുന്നതിന്റെ പല രൂപ ങ്ങളിലൊന്ന് യുദ്ധഭൂമിയിലെ നമ്മുടെ ജവാന്മാരുടെ കുടുംബങ്ങളെ സഹായി ക്കുന്നതിന് യുദ്ധനിധിയിലേയ്ക്ക് ഉദാരമായി സംഭാവന നൽകുക എന്ന താണ്. നമുക്കും നമ്മുടെ നാടിനും വേണ്ടി ജീവൻപോലും ബലി കൊടുക്കാ നുള്ള സന്നദ്ധതയോടെ പൊരുതുന്നവർക്കു നാം എന്തുകൊടുത്താലും മതി യാവില്ല. ആ ബോധമുള്ളവരാണ് നാം. യുദ്ധഭൂമിയിൽ പൊരുതിമരിച്ച വിക്രമി ന്റെയും വിശ്വനാഥന്റെയും കുടുംബത്തിന് കേരള ഗവണ്മെന്റ് അഞ്ചുലക്ഷം രൂപ ആശ്വാസധനമായി അനുവദിച്ചിട്ടുണ്ട്. ആശ്രിതരിലൊരാൾക്ക് ജോലി നൽകാനും നിശ്ചയിച്ചിട്ടുണ്ട്. അതിർത്തിയിൽ രാജ്യത്തിനുവേണ്ടി എല്ലാം മറന്നു പൊരുതുന്നവരെ സഹായിക്കാൻ ചുമതലപ്പെട്ടവരാണ് നാം. അതുകൊണ്ടുതന്നെ ചുരുങ്ങിയത് ഒരു ദിവസത്തെ വേതനമെങ്കിലും ഇതിനായി സംഭാവന ചെയ്യാൻ ഞാൻ നിയമസഭാംഗങ്ങളോടും സർക്കാർ ജീവനക്കാരോടും അദ്ധ്യാപകരോടും മറ്റ് എല്ലാ വിഭാഗത്തിൽപ്പെട്ടവരോടും അഭ്യർത്ഥിക്കട്ടെ.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൊതുവെ ഞാൻ യോജിക്കുകയാണ്. പാകിസ്ഥാനും ഭാരതവുമായിട്ട് വർഷങ്ങളായി നിലനി ല്ക്കുന്ന അകൽച്ചയും അതിർത്തിയിലെ സംഘർഷങ്ങളും അവസാനിപ്പി ക്കാൻവേണ്ടി ഇന്ത്യാഗവണ്മെന്റ് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിക്കൊണ്ടി രുന്ന അവസരത്തിൽ സ്ഥിതിഗതികൾ സാധാരണ നിലയിലേയ്ക്ക് മടങ്ങാ നുള്ള സാദ്ധ്യതകൾ വർദ്ധിച്ചിരിക്കുന്നു എന്ന തോന്നൽ ഉണ്ടായിക്കൊണ്ടിരി ക്കുന്ന അവസരത്തിലാണ് ഒരു വൻചതിയിൽക്കൂടി നമ്മുടെ അതിർത്തിപ്രദേ ശങ്ങളിലേയ്ക്ക് പാകിസ്ഥാൻ പട്ടാളവും അഫ്ഗാനിസ്ഥാൻ ഒളിപ്പോരാളികളും നുഴഞ്ഞു കയറിയത്. ഈ വർഷം ജനുവരി മാസം മുതൽ പ്രത്യേക പരിശീ ലനം സിദ്ധിച്ച നൂറു കണക്കിന് പാകിസ്ഥാൻ ഭടന്മാർ ഏതാണ്ട് 8 കിലോമീറ്റ റോളം ഇന്ത്യൻ അതിർത്തിയ്ക്കുള്ളിൽ കാർഗിൽ പ്രദേശത്ത് തള്ളിക്കയറി അവിടെ നിലയുറപ്പിച്ചു കഴിഞ്ഞിട്ടും ഈ സാറ്റലൈറ്റ് യുഗത്തിൽ അത് കണ്ടു പിടിക്കുവാൻ ഇന്ത്യാ ഗവണ്മെന്റിന് ഏതാണ്ട് 4 മാസക്കാലം വേണ്ടിവന്നുവെ ന്നത് വളരെ ഗുരുതരമായ ഒരു വീഴ്ചയാണ്. എവിടെയോ കാര്യമായ വീഴ്ച

LIBRARY ARCHIVES Kerala Legislative Assembly

സംഭവിച്ചിട്ടുണ്ട്. ആ വീഴ്ചയ്ക്കു തീർച്ചയായും ചിലർ എങ്കിലും തക്ക സന്ദർഭത്തിൽ രാജ്യത്തോട് സമാധാനം പറയേണ്ടിവരും. പക്ഷേ അത്തരം വിവാദപരമായ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യേണ്ട സന്ദർഭം ഇതല്ല. ശത്രുസൈന്യവുമായി ആയിരക്കണക്കിന് നമ്മുടെ വീരയോദ്ധാക്കൾ ജീവൻ പണയപ്പെടുത്തിക്കൊണ്ട് യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന അവസരത്തിൽ ഇങ്ങനെ സംഭവിക്കാൻ ഇടയായ കാര്യങ്ങളുടെ ശരിയും തെറ്റും വിശദമായി ചർച്ച ചെയ്യുന്നത് അനൗചിത്യമായിരിക്കും. തക്കസമയത്ത് അത്തരം കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് പോസ്റ്റ് മോർട്ടം നടത്തുന്നതായിരിക്കും ഉചിതമെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും കഴിഞ്ഞ ഏതാണ്ട് ഒരു മാസക്കാലത്തോളമായി അതിർത്തിയിൽ സംഘട്ടനം നടക്കുകയാണ്. പ്രധാനമന്ത്രി തന്നെ ഒരു വാർ-ലൈക്ക് സിറ്റ്യൂവേഷൻ ഉരുത്തിരിഞ്ഞു വന്നു കഴിഞ്ഞിരിക്കുന്നുവെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഈ സ്ഥിതിവിശേഷം ദീർഘനാൾ തുടരുന്നത് രാജ്യത്തിന് നല്ലതല്ല. കഴിയുന്നത്ര വേഗത്തിൽ അതിർത്തിയിലെ യുദ്ധസമാനമായ ഇന്നത്തെ സ്ഥിതിവിശേഷത്തിന് പരിഹാരം ഉണ്ടാക്കണം. ഇന്നത്തെ നിലയിൽ രണ്ട് രാജ്യങ്ങളും വെടിനിറുത്തണമെന്ന നിർദ്ദേശം നമുക്ക് സ്വീകാര്യമല്ല. ഇന്ത്യൻ അതിർത്തിയിൽ കയ്യേറ്റം നടത്തിയ പാക് പടയാളികൾ മുഴുവൻ രാജ്യം വിട്ട് പോകണം. ഇന്ത്യയിലെ മുഴുവൻ ഭൂപ്രദേശവും നമുക്ക് തിരികെ ലഭിക്കണം; തിരികെ പിടിക്കാൻ സാധിക്കണം. അതിർത്തിയിലെ നിയന്ത്രണരേഖ പരിപൂർണ്ണമായി പുനഃസ്ഥാപിക്കാൻ സാധിക്കണം. അതുവരെ നമുക്ക് ഇന്നത്തെ നിലയിൽ ഇത് അവസാനിപ്പിക്കാൻ സാദ്ധ്യമല്ല. കാശ്മീർ അതിർത്തിയിൽനിന്നും പാകിസ്ഥാൻ പട്ടാളക്കാരേയും ഒളിപ്പോരാളികളേയും ഓട്ടിച്ചുവിടുന്നതുവരെ, നമ്മുടെ സൈന്യം വീണ്ടും പഴയ സ്ഥാനങ്ങളിൽ നിലയുറപ്പിക്കുന്നതുവരെ ഇന്ത്യാക്കാർക്ക് വിശ്രമിക്കാൻ സാദ്ധ്യമല്ല. അതിർത്തിയിൽ പതിനായിരക്കണക്കിന് പോരാളികൾ രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുമ്പോൾ കക്ഷിവ്യത്യാസം മറന്ന്, തർക്കപ്രശ്നങ്ങൾ ഉന്നയിക്കാതെ രാജ്യം ഒന്നടങ്കം വീരജവാന്മാർക്ക് ധാർമ്മിക പിന്തുണയും കരുത്തും നല്കേണ്ട സന്ദർഭമാണ്, അത് ഇന്ന് എല്ലായിടത്തും പ്രകടമാകുന്നുണ്ട്. യുദ്ധത്തിനിടയിൽ നൂറുകണക്കിന് യുവാക്കൾ വീരമൃത്യുവിന് ഇരയായിട്ടുണ്ട്. അക്കൂട്ടത്തിൽ മലയാളികളായിട്ടുള്ള സുഹൃത്തുക്കളുമുണ്ട്. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും അവരുടെ വീരസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുകയുണ്ടായി. ലഫ്റ്റനന്റ് കേണൽ വിശ്വനാഥനും ക്യാപ്റ്റൻ വിക്രമും, അതുപോലെ അതിർത്തിയിലെ യുദ്ധത്തിൽ അല്ലെങ്കിലും അതിനു സഹായിക്കാനുള്ള ശ്രമത്തിനിടയിൽ കൊല്ലപ്പെട്ട സുനിൽകുമാറും അതുപോലെതന്നെ പൂർണ്ണമായി മലയാളി അല്ലെങ്കിലും മിശ്രവിവാഹത്തിൽകൂടി മലയാളിയെന്ന് അവകാശപ്പെടാൻ കഴിയുന്ന ക്യാപ്റ്റൻ ഹനീഫുദ്ദീനും (അദ്ദേഹം ഡൽഹിയിലാണ് താമസിച്ചിരുന്നത്.) ഈ യുദ്ധത്തിൽ കൊല്ലപ്പെട്ടതാണ്. അവരുടെയെല്ലാം പാവന സ്മരണയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ആ കുടുംബങ്ങളോട് നമുക്കുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കാം. അതോടൊപ്പം ഈ സന്ദർഭത്തിൽ ഒരു കാര്യം കൂടി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

ഇന്ത്യൻ സൈനികരിൽ ഏതാണ്ട് 5 ശതമാനത്തോളം കേരളീയർ വരും. ഇന്ത്യയുടെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ നമ്മുടെ സൈന്യത്തിലെ പ്രാതിനിധ്യം വളരെ കൂടുതലാണ്. 5 ശതമാനത്തിൽ കൂടുതൽ മലയാളികൾ ഭാരതത്തിനുവേണ്ടി പോരാട്ടത്തിനു തയ്യാറായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് മലയാളികൾ ഇന്ന് അതിർത്തി

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലുടനീളം ജാഗ്രതയോടുകൂടി നിലകൊള്ളുകയാണ്. അവരിൽ പലരും യുദ്ധഭൂമിയിലാണ്. കൊല്ലപ്പെട്ടവരുടേയും മുറിവേറ്റവരുടേയും കാര്യത്തെക്കുറിച്ച് നാം ഇവിടെ സംസാരിച്ചു. അതോടൊപ്പംതന്നെ ആയിരക്കണക്കിന് മലയാളികൾ ഇന്ന് എന്തിനും തയ്യാറായി. ജീവൻ നഷ്ടപ്പെടുത്താൻ തയ്യാറായി, ചോര ചിന്താൻ തയ്യാറായി മാതൃരാജ്യത്തിന്റെ മാനം കാക്കാൻ, മാതൃരാജ്യത്തിന്റെ ഓരോ ഇഞ്ച് ഭൂമിയും സംരക്ഷിക്കാൻ, രാജ്യത്തിന്റെ ഐക്യദാർഢ്യത്തിനുവേണ്ടി ജീവാർപ്പണം ചെയ്യാൻ തയ്യാറായി ഇന്ന് അതിർത്തി പ്രദേശങ്ങളിൽ യുദ്ധത്തിന് സന്നദ്ധരായി നിൽക്കുകയാണ്. അതിർത്തിയിൽ പോയിരിക്കുന്ന തങ്ങളുടെ ബന്ധുജനങ്ങളുടെ, മക്കളുടെ, സഹോദരങ്ങളുടെ, ഭർത്താക്കന്മാരുടെ സ്ഥിതി അറിയാൻ ഉൽക്കണ്ഠാകുലരായി കേരളത്തിൽ ആയിരക്കണക്കിനു കുടുംബങ്ങളിലെ ആളുകൾ കാത്തിരിക്കുകയാണ്. നമ്മുടെ ഗവണ്മെന്റ് മുൻകൈയെടുത്ത് യുദ്ധം കഴിയുന്നതുവരെ എല്ലാ ജില്ലകളിലും കളക്ടറേറ്റുകളിലോ, മറ്റെവിടെയെങ്കിലുമോ പ്രത്യേക സെൽ ഏർപ്പെടുത്തിക്കൊണ്ട് യുദ്ധമുന്നണിയിൽ ഇന്ന് നിലയുറപ്പിച്ചിട്ടുള്ള നമ്മുടെ ജവാന്മാരുടെ വിവരങ്ങൾ അവരുടെ കുടുംബാംഗങ്ങളെ ധരിപ്പിക്കാൻ, അവർക്ക് ആശ്വാസം നൽകാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതോടൊപ്പംതന്നെ കൊല്ലപ്പെട്ടവരുടേയും, മുറിവേറ്റവരുടെയും കാണാതെ പോയവരുടെയുമെല്ലാം കുടുംബങ്ങളെ സഹായിക്കാൻ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ച ഒരു കാര്യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾ പലതും കാണിക്കുന്നത്ര ഒരു ഇൻവോൾവ്മെന്റ് നമ്മുടെ ഭാഗത്തു നിന്നും ഉണ്ടോ എന്ന ഒരു സംശയം പലരും പ്രകടിപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക്, ഈ യുദ്ധത്തിന്റെ കാര്യങ്ങൾക്കുവേണ്ടി മാത്രം രൂപീകരിച്ച നിധിയിലേയ്ക്ക് ഓരോ കേരളീയനും അവരുടെ കഴിവനുസരിച്ച് സംഭാവന നൽകാൻ മുന്നോട്ടു വരണം. അതിന്റെ തുടക്കം നമ്മുടെ നിയമസഭാ സാമാജികന്മാരുടെ ഭാഗത്തുനിന്നു തന്നെയായിരിക്കണം. ബഹുമാനപ്പെട്ട സ്പീക്കർ കക്ഷി നേതാക്കളുമായി ആലോചിച്ച് ഒരു തുക നിശ്ചയിക്കണം. ആ തുക കേരളത്തിലെ എല്ലാ നിയമസഭാ സാമാജികന്മാരും ആദ്യഗഡുവായി നൽകാൻ തയ്യാറാകണം. അതിന്റെ പിന്നാലെ സർവ്വീസ് സംഘടനകളുടെ പ്രതിനിധികളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടണം. ട്രേഡ് യൂണിയൻ സംഘടനകളുടെ പ്രതിനിധികളെയും വിളിച്ചുകൂട്ടണം. കേരളത്തിൽ പണിയെടുക്കുന്ന എല്ലാ വിഭാഗം ജനങ്ങളും, ഇത് ദാരിദ്ര്യ കാലഘട്ടം ആണെങ്കിലും 'അണ്ണാൻകുഞ്ഞും തന്നാലായത്' എന്നു പറഞ്ഞതുപോലെ ചെറിയ സംഭാവനകൾ ഈ രംഗത്ത് നൽകാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു കാര്യമാണ്. ഏതായാലും പഴയ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ രാജ്യം വെല്ലുവിളി നേരിട്ട ഘട്ടത്തിൽ നിർഭാഗ്യവശാൽ കേരളത്തിന് ഒന്നടങ്കം നിൽക്കാനോ, നമ്മുടെ പട്ടാളക്കാരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനോ കഴിയാതെ പോയിട്ടുണ്ട്. ഇത്തവണയെങ്കിലും കേരളീയർ ഒറ്റക്കെട്ടായി നമ്മുടെ ജവാന്മാരുടെ പിന്നിൽ അണിനിരക്കാനും അവർക്ക് ധാർമ്മിക പിന്തുണ നൽകാനുമുള്ള സാഹചര്യം ഉണ്ടാക്കിയതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. കേരള നിയമസഭ ഇന്നു പ്രകടിപ്പിച്ച വികാരം കേരളത്തിന്റെ പൊതുവികാരമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ യുദ്ധരംഗത്ത് രക്തസാക്ഷിത്വം വരിച്ച വീരജവാന്മാരുടേയും അതുപോലെ മുറിവേറ്റവരുടേയുമെല്ലാം കുടുംബാംഗങ്ങളോട് എന്റെ അനുഭാവം രേഖപ്പെടുത്തുന്നു. അതുപോലെതന്നെ യുദ്ധരംഗത്ത് ഇന്ന് കർമ്മോൽസുകരായി എന്തിനും തയ്യാറായി, ജീവൻ നഷ്ടപ്പെടുത്താൻപോലും തയ്യാറായി നിൽക്കുന്ന നമ്മുടെ ജവാന്മാർക്ക് ധാർമ്മിക പിന്തുണയും അവരോട് ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

മി. സ്പീക്കർ : വീരമൃത്യു വരിച്ച ധീര യോദ്ധാക്കളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം മൗനം ആചരിക്കാം.

(യുദ്ധത്തിൽ വീരമൃത്യു വരിച്ച വീരയോദ്ധാക്കളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

III. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. കെ.പി.എ. മജീദ്, ശ്രീ. സി.പി. ബാലൻ വൈദ്യർ, ഡോ. കെ.സി. ജോസഫ് എന്നിവരെ X-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

IV. അടിയന്തിരപ്രമേയം

വൈദ്യുതിചാർജ് വർദ്ധന

മി. സ്പീക്കർ : വൈദ്യുതിചാർജ് വർദ്ധനവുമൂലം സംസ്ഥാനത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഉമ്മൻചാണ്ടി, ഇസ്ഹാക് കുരിക്കൾ, തോമസ് ചാഴികാടൻ, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച വിശദീകരണം നല്കാം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, 1996-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ വ്യവസായങ്ങൾക്ക് 100 ശതമാനം പവർകട്ടും മൂന്നര മണിക്കൂർ ലോഡ് ഷെഡിംഗും ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ നിന്നും ഇന്ന് കാണുന്ന മെച്ചപ്പെട്ട നിലയിലേയ്ക്ക് വൈദ്യുതി രംഗത്തെ എത്തിക്കുന്നതിനുവേണ്ടി ജനറേഷൻ രംഗത്തും പ്രസരണ-വിതരണ രംഗത്തും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതായി വന്നിട്ടുണ്ട്. ഇതിനായി എൽ.ഐ.സി., പവർ ഫിനാൻസ് കോർപ്പറേഷൻ ആർ.ഇ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ വർഷം 1200 കോടി രൂപ കടം എടുക്കേണ്ടതായി വന്നിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നതും വായ്പ എടുത്തതിനെ തുടർന്നാണ്. ഈ വായ്പ തിരിച്ചടയ്ക്കുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന മുതൽമുടക്കിനും ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം വൈദ്യുതി രംഗത്ത് വികസനപ്രവർത്തനങ്ങൾക്കുണ്ടാകുന്ന തടസ്സം മാറ്റുന്നതിനുവേണ്ടി ഉൽപാദനച്ചെലവുമായി ബന്ധപ്പെടുത്തിയും ജലവൈദ്യുത പദ്ധതികളെ ആശ്രയിക്കേണ്ടി വന്നതിനെത്തുടർന്നും ഉൽപ്പാദനച്ചെലവിൽ വർദ്ധനവുണ്ടായി. ഈ വർദ്ധനവിനെത്തുടർന്ന് ഒരു രൂപ തൊണ്ണൂറ്റി ഒൻപതര പൈസ ചെലവും ഒരു രൂപ നാൽപത്തി നാല് പൈസ വരവും എന്ന നില

LIBRARY ARCHIVES Kerala Legislative Assembly